LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഇല്ല. ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിൽ കെ.എൽ.01 സി.എച്ച്. 7022 ബൊലേറോ വാഹനവും കെ.എൽ. 01 ബി.കെ 5326 ടവേര വാഹനവും മാന്നാർ പോലീസ് സ്റ്റേഷനിൽ കെ.എൽ.01 ബി.ഡബ്ല്യൂ 5916, കെ.എൽ.01 ബി.ക്യൂ 1841 എന്നീ ബൊലേറോ വാഹനങ്ങളും നൽകിയിട്ടുണ്ട്.

**മഞ്ചേശ്വരത്ത് പ്രത്യേക മതത്തിൽപ്പെട്ടവർക്ക് മാത്രമായി കായിക മത്സരങ്ങൾ**

180 (2133) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരത്ത് ഒരു പ്രത്യേക മതത്തിൽപ്പെട്ടവർക്ക് മാത്രമായി കബഡി, ക്രിക്കറ്റ് മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മതസൗഹാർദ്ദത്തിന് ഇരങ്കം വച്ച് ചേരിതിരിവ് നടത്തി കലാപം ഉണ്ടാക്കാൻ ശ്രമിക്കുന്ന ഇത്തരക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തിന് 29-11-2018-ന് മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 557/18 u/s 153 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**അഴിമതി നിരോധന നിയമപ്രകാരമുള്ള വിജിലൻസിന്റെ അന്വേഷണം**

181 (2134) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിരോധന നിയമപ്രകാരം വിജിലൻസിന്റെ അന്വേഷണം അധികാരപരിധി വിടാതിരിക്കുന്നതിനായി കേരള ഹൈക്കോടതി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കുമോ;

(സി) നയപരമോ ഭരണപരമോ ആയ തീരുമാനം അഴിമതി നിരോധന നിയമപരിധിയിൽ വരില്ലായെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ, വിജിലൻസ് നടത്തുന്ന ഏതെങ്കിലും അന്വേഷണം അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി.നമ്പർ (Crl)83/2017 കേസിൽ 2018 ഒക്ടോബർ 15-ാം തീയതിയിലെ ഉത്തരവിൽ ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ നയപരമായ തീരുമാനങ്ങളെയും ഭരണപരമായ നടപടികളെയും സംബന്ധിച്ച് അഴിമതി നിരോധന നിയമപ്രകാരമുള്ള അന്വേഷണം നടത്താൻ കഴിയില്ല. ഭരണപരമായ നടപടികളിലോ തീരുമാനങ്ങളിലോ ചുമതല നിർവ്വഹണത്തിലോ വ്യക്തിപരമായ അഴിമതിയോ കുറ്റകരമായ സ്വഭാവദൂഷ്യമോ അഴിമതി നിരോധന നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമോ വ്യക്തമാകുന്നതോ ആയ കാര്യങ്ങൾ പോലീസിനോ വിജിലൻസിനോ അന്വേഷണം നടത്താവുന്നതാണ്. ഇക്കാര്യങ്ങൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) നൽകിയിട്ടില്ല.

## ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ

182 (2136) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ നിയമനവുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിക്ക് എതിരെ വിജിലൻസ് ഡയറക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) അന്വേഷണം ആരംഭിച്ചിട്ടില്ല എങ്കിൽ എന്ത് കാരണത്താലാണ് അന്വേഷണം ആരംഭിക്കാത്തത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അന്വേഷണത്തിന് സർക്കാർ അനുമതി ആവശ്യമാണെങ്കിൽ അനുമതി നൽകാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ നിയമനവുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിക്കും മറ്റു നാലുപേർക്കുമെതിരെ ആരോപണം ഉന്നയിച്ച് ശ്രീ. പി. കെ. ഫിറോസ്, ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് മുസ്ലീം യൂത്ത് ലീഗിന്റേതായി ലഭിച്ച ഇ-മെയിൽ പരാതി വിജിലൻസ് ഡയറക്ടറുടെ 28-11-2018-ലെ കത്ത് പ്രകാരം സർക്കാരിൽ 29-11-2018-ൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly